## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1688 | 10-03-2020 -ൽ മറുപടിക്ക്

### ഉരുൾപ്പൊട്ടലിനെ തുടർന്ന് നാശം സംഭവിച്ച പ്രദേശങ്ങളുടെ പുനർനിർമ്മാണവും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായധനവിതരണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബി.ഡി. ദേവസ്സി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | 2019-ലെ വെള്ളപ്പൊക്കത്തിലും, ഉരുൾപൊട്ടലിലും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. പ്രളയബാധിത കുടുംബങ്ങൾക്ക് സർക്കാർ 10,000/- രൂപ അടിയന്തിര സഹായമായി അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമുള്ള 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുന്നു. ഭാഗികമായി തകർന്ന വീടുകളുടെ നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് (15% മുതൽ 75% വരെ 5 കാറ്റഗറി ആയി തിരിച്ച്) ആശ്വാസ ധനസഹായം നൽകി വരുന്നു. 2019-ലെ പ്രളയത്തിന് ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെയും ഭൂഗർഭ ജല വകുപ്പിലെയും ജിയോളജിസ്റ്റുകളും മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സംഘം പഠനം നടത്തുകയും ഈ പഠനങ്ങളിലൂടെ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ വീടുകളിൽ ഉള്ളവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കാൻ 6 ലക്ഷം രൂപ വരെ ഭൂമി വാങ്ങുന്നതിനും, 4 ലക്ഷം രൂപ വരെ വീട് വയ്ക്കുന്നതിനും വേണ്ടി ധനസഹായം നൽകി വരുന്നു. കാർഷിക, മത്സ്യബന്ധന, മൃഗസംരക്ഷണ മേഖലയിലുള്ള നാശനഷ്ടത്തിനും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നു. ധനസഹായ വിതരണം പുരോഗമിച്ചു വരികയാണ്. |
| ബി) | ഇതിനായി എത്ര തുകയുടെ സഹായമാണ് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടതെന്നും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്നും അറിയിക്കാമോ; | ബി) | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായെങ്കിലും അടിയന്തിര സഹായം അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | മലപ്പുറത്തെ കവളപ്പാറയും, വയനാട്ടിലെ പുത്തുമലയും ഉൾപ്പെടെ വലിയ ഉരുൾപ്പൊട്ടലിനെ തുടർന്ന് സർവ്വനാശം സംഭവിച്ച പ്രദേശങ്ങളുടെ പുനർ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | സി) | നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾ പൊട്ടലിൽ കാണാതായ 48 പേരുടെ മൃതശരീരങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുകയും 11 പേരുടെ മൃതശരീരങ്ങൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ അവരെയും മരണപ്പെട്ടതായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അപ്രകാരം 59 പേർ മരണപ്പെട്ടതായി കണക്കാക്കുകയും ആയതിൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരാവകാശികൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരിൽ 33 പേർക്ക് പ്രമുഖ വ്യവസായി ശ്രീ. എം.എ. യൂസഫലി വീട് വച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ വീടുകളുടെ ഗുണഭോക്താക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആദ്യ ഗഡുവായ 95,100/- രൂപ വീതം വിതരണം ചെയ്യുന്നതിനായി ആകെ 31,38,300/- രൂപയും ഭൂമി വാങ്ങുന്നതിനായി ബഹു:മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1.98 കോടി രൂപയും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കവളപ്പാറയിലെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനുള്ള കെയർഹോം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.<br>പുത്തുമല ഉരുൾപ്പൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരിൽ സ്വന്തമായി ഭൂമി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പോടുകൂടി ഭവന സമുച്ചയം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ